# മിഥ്യാരോപണങ്ങളുടെ നാൾവഴികൾ

■ *'തീവ്രവാദത്തിന്റെ നാൾവഴികൾ' എന്ന തലക്കെട്ടിൽ എം.എൻ കാരശ്ശേരി മാതൃഭൂമി ദിനപത്രത്തിന്റെ 2009 നവംബർ 2,3,4 തീയതികളിലെ ലക്കങ്ങളിൽ എഴുതിയ ലേഖന പരമ്പരയിൽ നിന്നാണ് ഈ ഉദ്ധരണികൾ: "1948-ലാണ് ജമാഅത്തെ ഇസ്‌ലാമി കേരളത്തിൽ പ്രവർത്തനം ആരംഭിക്കുന്നത്. ഇവിടെ അവർ ആയുധ പരിശീലനം നടത്തിയതിന് തെളിവൊന്നുമില്ല. എങ്കിലും മൗദൂദിസത്തിന്റെ അനുയായികളോ അതിൽനിന്ന് പ്രചോദനം ഉൾക്കൊണ്ടവരോ ആണ് കേരളത്തിലെ തീവ്രവാദ പ്രസ്ഥാനക്കാരധികവും" (നവംബർ 2).*

*"ശിയാ മുസ്‌ലിംകളാണ് ഇറാനിൽ വിപ്ലവ ഭരണകൂടം സ്ഥാപിച്ചത്. ശിയാക്കളോടുള്ള വിശ്വാസപരമായ എല്ലാ അഭിപ്രായ ഭേദങ്ങളും മറന്ന് ജമാഅത്തെ ഇസ്‌ലാമി ആ സർക്കാറിനെ കൊണ്ടാടി. വിപ്ലവത്തിന്റെ ദാർശനികനായ അലീ ശരീഅത്തിയുടെ പുസ്തകങ്ങൾക്ക് മലയാള പരിഭാഷകളുണ്ടായി. വിപ്ലവ നായകനായ ഖുമൈനിയുടെ ജീവചരിത്രവും അദ്ദേഹത്തിന്റെ മുഖ്യ കൃതിയുടെ പരിഭാഷയും മലയാളത്തിൽ ഇറങ്ങി.*

*ഇറാൻ വിപ്ലവം ഇന്ത്യയിൽ ഏറ്റവുമധികം തീപ്പിടിപ്പിച്ചത് ജമാഅത്തെ ഇസ്‌ലാമിയുടെ വിദ്യാർഥി സംഘമായ സ്റ്റുഡന്റ്സ് ഇസ്‌ലാമിക് മൂവ്മെന്റ് ഓഫ് ഇന്ത്യ (സിമി)യാണ്. തത്ത്വത്തിൽ വിപ്ലവത്തോട് യോജിച്ച ജമാഅത്തെ ഇസ്‌ലാമി അത് ഇന്ത്യയിൽ പ്രായോഗികമല്ലെന്നും ഇനി ആണെങ്കിൽ തന്നെ സമയമായിട്ടില്ലെന്നും ഉള്ള തീർപ്പിലായിരുന്നു. ഇത് കാപട്യമാണെന്ന് സിമിക്കാർ വാദിച്ചു" (നവംബർ 3).*

*"മുസ്‌ലിം ലീഗിന്റെ സാമുദായിക രാഷ്ട്രീയവും (Community Politics) ജമാഅത്തെ ഇസ്‌ലാമിയുടെ മതരാഷ്ട്രീയവും (Religious Politics) തമ്മിലുള്ള വ്യത്യാസത്തെപ്പറ്റി നമ്മുടെ എത്ര നേതാക്കൾ ആലോചിച്ചിട്ടുണ്ട്? ആദ്യത്തേത് ജനാധിപത്യത്തെ അംഗീകരിക്കുമ്പോൾ രണ്ടാമത്തേത് അതിനെ നിരാകരിക്കുന്നു എന്ന് എത്ര പേർ ശ്രദ്ധിച്ചിട്ടുണ്ട്?" (നവംബർ 4).*

*മുജീബിന്റെ പ്രതികരണം?*

**പി.സി മുസ്തഫല്‍ അമീന്‍ ഉളിയില്‍**
**എം.വി മുഹമ്മദ് കോയ ശാന്തപുരം**
**വി.കെ റഫീഖ് ജിദ്ദ**

തന്റെ തീവ്രവും വാസ്തവവിരുദ്ധവുമായ ജമാഅത്ത്‌വിരോധത്തിന്റെ നാള്‍വഴികള്‍ ഒരിക്കല്‍കൂടി ആവര്‍ത്തിക്കാന്‍ പതിവുപോലെ *മാതൃഭൂമി*യെ മാധ്യമമാക്കിയ കാരശ്ശേരി പുതുതായൊന്നും പറഞ്ഞില്ല. പറഞ്ഞതൊക്കെയും അബദ്ധജടിലവും.

ഒന്ന്, കേരളത്തിലെന്നല്ല ഇന്ത്യയിലൊരിടത്തും ജമാഅത്തെ ഇസ്‌ലാമി ആയുധപരിശീലനം നടത്തിയിട്ടില്ല; നടത്താത്തതിനാല്‍ തെളിവും ഇല്ല. രണ്ടു തവണ സംഘടനയെ നിരോധിച്ച കേന്ദ്ര സര്‍ക്കാറും അങ്ങനെയൊരാരോപണം ഉന്നയിച്ചിട്ടില്ല. മൗദൂദിസം എന്ന ഒരു ഇസം ഇല്ലാത്തതുപോലെ അത് ഉള്‍ക്കൊണ്ട ഒരു തീവ്രവാദി സംഘവും ലോകത്ത് ഒരിടത്തുമില്ല. കേരളത്തില്‍ മുസ്‌ലിം തീവ്രവാദം ആരോപിക്കപ്പെടുന്ന സംഘടനയിലെ പ്രവര്‍ത്തകരധികവും സുന്നി, മുജാഹിദ്, മുസ്‌ലിം ലീഗ് സംഘടനകളില്‍ പ്രവര്‍ത്തിച്ചവരാണ്. അവരൊക്കെയും മൗദൂദിയെ നിരാകരിക്കുന്നവരുമാണ്.

രണ്ട്, അമേരിക്കന്‍ സാമ്രാജ്യത്വത്തിന്റെ ചട്ടുകമായ ഇറാനിലെ ഏകാധിപതി റിസാഷാ പഹ്‌ലവിക്കെതിരായ ജനകീയ വിപ്ലവം എന്ന നിലയിലാണ് ആയത്തുല്ലാ ഖുമൈനി നയിച്ച ഇറാന്‍ വിപ്ലവത്തെ ഇന്ത്യന്‍ ജമാഅത്തെ ഇസ്‌ലാമി പിന്താങ്ങിയത്; ഇറാന്‍ വിപ്ലവം തീര്‍ത്തും ഇസ്‌ലാമികമാണെന്ന കാഴ്ചപ്പാട് ജമാഅത്തിനുണ്ടായിരുന്നില്ല. പാശ്ചാത്യ ഭൗതിക പ്രത്യയശാസ്ത്രങ്ങള്‍ക്ക് ബദലായി ഒരു സമഗ്ര ഇസ്‌ലാമിക ദര്‍ശനമായി ഇസ്‌ലാമിനെ അവതരിപ്പിച്ച അലീ ശരീഅത്തി സാമ്പ്രദായിക ശീഈ വിഭാഗങ്ങള്‍ക്ക് സ്വീകാര്യനല്ലായിരുന്നു. ഖുമൈനിസ്റ്റുകളും അദ്ദേഹത്തെ തള്ളിപ്പറഞ്ഞു. ശരീഅത്തിയുടെ *ഹജ്ജ്* ആണ് ഐ.പി.എച്ച് പ്രസിദ്ധീകരിച്ച കൃതി. മലയാളത്തില്‍ വിവര്‍ത്തിതമായ മറ്റു ശരീഅത്തി കൃതികളൊന്നും ഐ.പി.എച്ച് പ്രസിദ്ധീകരിച്ചതല്ല. 'സിമി' ജമാഅത്തെ ഇസ്‌ലാമിയുടെ രക്ഷാധികാരം അംഗീകരിക്കാന്‍ തയാറാവാതിരുന്നപ്പോഴാണ് വഴിപിരിഞ്ഞത്. ഇറാന്‍ വിപ്ലവം എന്നല്ല, മുസ്‌ലിം നാടുകളിലെ ഒരുതരം വിപ്ലവവും അമുസ്‌ലിം ഭൂരിപക്ഷമായ ഇന്ത്യയില്‍ പ്രായോഗികമോ അനുകരണീയമോ അല്ലെന്നാണ് ഇന്ത്യന്‍ ജമാഅത്തെ ഇസ്‌ലാമിയുടെ തുടക്കം മുതല്‍ക്കേയുള്ള സുചിന്തിത നിലപാട്. അല്ലായിരുന്നെങ്കില്‍ ഉപഭൂഖണ്ഡത്തില്‍ വ്യത്യസ്ത ജമാഅത്തെ ഇസ്‌ലാമി ഉണ്ടാവുമായിരുന്നില്ലല്ലോ.

മൂന്ന്, ജമാഅത്തെ ഇസ്‌ലാമി മതരാഷ്ട്രീയത്തെ നിശ്ശേഷം നിരാകരിക്കുന്നു; പകരം ഇസ്‌ലാമിക ജനാധിപത്യ രാഷ്ട്രീയത്തെ മുന്നോട്ടുവെക്കുന്നു. 'റിലീജ്യസ് പൊളിറ്റിക്‌സ്' കാരശ്ശേരിയുടെ സ്വന്തം പ്രയോഗമാണ്, ജമാഅത്തിന്റെതല്ല. പൗരോഹിത്യം ഇല്ലാത്ത ഇസ്‌ലാമില്‍ പുരോഹിത രാഷ്ട്രീയവും ഇല്ല. ജമാഅത്തിന്റെ രാഷ്ട്രീയത്തോട് വിയോജിക്കുന്ന രാഷ്ട്രീയ പാര്‍ട്ടികളും അതിന്റെ പേരില്‍ മതരാഷ്ട്രീയവാദം ആരോപിക്കാതിരിക്കുന്നതില്‍ കാരശ്ശേരി പ്രഭൃതികള്‍ പരിഭവിച്ചിട്ടു കാര്യമില്ല. ഇല്ലാത്തതിനെ എങ്ങനെയാണ് എതിര്‍ക്കുക? ജമാഅത്ത് ഇന്ത്യന്‍ ജനാധിപത്യത്തെ അംഗീകരിക്കുന്നു എന്നും തെരഞ്ഞെടുപ്പുകളില്‍ അത് മതനിരപേക്ഷ ജനാധിപത്യ പാര്‍ട്ടികള്‍ക്കാണ് പിന്തുണ നല്‍കുന്നത് എന്നും തിരിച്ചറിഞ്ഞതുകൊണ്ടാണ് കോണ്‍ഗ്രസ്, സി.പി.എം, സി.പി.ഐ, മുസ്‌ലിം ലീഗ്, ജനതാദള്‍ തുടങ്ങിയ പാര്‍ട്ടികളൊക്കെയും സംഘടനയുടെ പിന്തുണ തേടാറുള്ളത്. അവരെ തെറ്റിദ്ധരിപ്പിക്കാന്‍ കാരശ്ശേരി

നാളിതുവരെ തുടരുന്ന കുരിശുയുദ്ധം സഫലമാവാതെ പോവുന്നത് സ്വാഭാവികമാണ്.

## ഭൗതിക പാർട്ടിയാവും?

■ *ഇസ്‌ലാമിക പ്രസ്ഥാനം രാഷ്ട്രീയ പാർട്ടിയാകുന്നതോടു കൂടി തനി ഭൗതിക പാർട്ടിയാവുകയല്ലേ? അങ്ങനെയാണെങ്കിൽ കോൺഗ്രസ്സിലോ മറ്റു സമാന പാർട്ടികളിലോ ചേർന്ന് പ്രവർത്തിക്കലും ശരിയാണെന്ന് വരില്ലേ?*

***കെ.ടി ഹനീഫ നടുവട്ടം,***
***കോഴിക്കോട്***

**ഇ**ന്ത്യൻ ജമാഅത്തെ ഇസ്‌ലാമി രാഷ്ട്രീയ പാർട്ടിയായി മാറാൻ ഉദ്ദേശിച്ചിട്ടില്ല. ഒരു രാഷ്ട്രീയ പാർട്ടി രൂപവത്കരിക്കും എന്നാണ് പ്രഖ്യാപിച്ചത്. അതിന്റെ ലക്ഷ്യം, മാർഗം, നയനിലപാടുകൾ എന്നീ കാര്യങ്ങളൊന്നും തീരുമാനിക്കപ്പെട്ടിട്ടില്ല. മറ്റെല്ലാ രാഷ്ട്രീയ പാർട്ടികളെയും പോലെ ഒന്നാവും നിർദിഷ്ട പാർട്ടിയെങ്കിലേ ചോദ്യം പ്രസക്തമാവൂ.

## ഹജ്ജ് ഫണ്ട്

■ *അടുത്ത കാലങ്ങളിൽ ജമാഅത്തിന്റെ കീഴിലുള്ള 'കേരള ഹജ്ജ് ഗ്രൂപ്പി'നെക്കുറിച്ച് ആരോപണങ്ങൾ കേൾക്കുന്നു. സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകൾ പലതും കുറഞ്ഞ സംഖ്യ ഈടാക്കുമ്പോൾ കേരള ഹജ്ജ് ഗ്രൂപ്പ് വലിയ സംഖ്യ ഈടാക്കുന്നു എന്നാണ് ഒരു ആരോപണം. സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകളുടെ കൊള്ളലാഭത്തെക്കുറിച്ച് മുന്നറിയിപ്പ് നൽകിയ മാധ്യമം കേരള ഹജ്ജ് ഗ്രൂപ്പിനെക്കുറിച്ച് മൗനം പാലിക്കുകയാണോ?*

***എം.സി.എച്ച് പള്ളിക്കൽ***

**ഫ**ണ്ടുകളുടെ കാര്യത്തിൽ രാജ്യത്തേറ്റവും സുതാര്യവും സംശുദ്ധവുമായ രീതിയാണ് ജമാഅത്തെ ഇസ്‌ലാമി ഹിന്ദ് പിന്തുടരുന്നതെന്ന് ഏതന്വേഷണവും ബോധ്യപ്പെടുത്തും. പ്രവർത്തകരുടെ വരിസംഖ്യയും ധനസഹായവുമാണ് അതിന്റെ പ്രവർത്തന മൂലധനം. അതാകട്ടെ കൃത്യമായ ഓഡിറ്റിംഗിന് വിധേയവുമാണ്. സംഘടന നേരിട്ട് വിദ്യാഭ്യാസപരമോ മറ്റോ ആയ പൊതുസ്ഥാപനങ്ങൾ നടത്തുന്നില്ല. വെവ്വേറെ ട്രസ്റ്റുകളോ കമ്മിറ്റികളോ ആണ് അവ നടത്തുന്നത്. എല്ലാറ്റിനും കണക്കും ഓഡിറ്റിംഗും ഉണ്ടുതാനും.

കേരള ഹജ്ജ് ഗ്രൂപ്പ് തുടക്കം മുതൽക്കെ സ്വതന്ത്രമായല്ല ഹജ്ജ് വിസകൾ സംഘടിപ്പിക്കുന്നത്. അൽ ഹിന്ദ് ടൂർസ് & ട്രാവൽസ് മുഖേനയാണ് വിസ ലഭ്യമാക്കുന്നത്. സ്വാഭാവികമായും ഈ ഏജൻസി ഈടാക്കുന്ന തുക കേരള ഹജ്ജ് ഗ്രൂപ്പ് അടക്കേണ്ടിവരുന്നു. ഇക്കാര്യം രജിസ്റ്റർ ചെയ്യുന്ന അപേക്ഷകർക്ക് അറിയുകയും ചെയ്യാം. യഥാർഥ ചെലവുകൾ കഴിച്ച് മിച്ചം വരുന്ന സംഖ്യ ഹാജിമാർക്ക് തിരിച്ചു നൽകുകയാണ് ഇന്നുവരെ പിന്തുടർന്നു വന്ന നയം. ഹറമിന് സമീപം താമസസ്ഥലം ഒരുക്കുന്നത് ഉൾപ്പെടെയുള്ള സംവിധാനങ്ങൾക്ക് സ്വാഭാവികമായും ചെലവ് കൂടും. ഇതല്ലാതെ ഹജ്ജ് ഒരു വരുമാന സ്രോതസ്സായി ജമാഅത്തെ ഇസ്‌ലാമി ഒരിക്കലും സ്വീകരിച്ചിട്ടില്ല. എന്നുവെച്ച് ഹാജിമാരെ കൊള്ളയടിക്കുന്ന ഗ്രൂപ്പുകളെക്കുറിച്ച് *മാധ്യമം* പത്രം മിണ്ടാതിരിക്കണം എന്നും ബന്ധപ്പെട്ടവർ തീരുമാനിച്ചിട്ടില്ല. എല്ലാറ്റിലും ഉണ്ടാവും നെല്ലും പതിരും. വേർതിരിച്ചു കാണേണ്ടത് അനുഭവസ്ഥരാണ്.

## കമ്യൂണിസ്റ്റിന്റെ മതവിശ്വാസം

■ *"മതവിശ്വാസിക്ക് കമ്യൂണിസ്റ്റ് പ്രവർത്തകനാകുന്നതിന് പാർട്ടി ഭരണഘടനയിലെവിടെയും വിലക്കുകളില്ല. അടിയുറച്ച വിശ്വാസിക്ക് കമ്യൂണിസ്റ്റ് പ്രവർത്തകനാകാമെന്നതിന്റെ ജീവിക്കുന്ന ഉദാഹരണമാണ് നൂറ് വയസ്സ് തികഞ്ഞ കോയ കുഞ്ഞി നഹ. അദ്ദേഹം അന്നും ഇന്നും എന്നും ഉറച്ച വിശ്വാസിയും കമ്യൂണിസ്റ്റുകാരനുമാണ്. മരണം വരെ അങ്ങനെ തന്നെയായിരിക്കും. ഞാനുൾപ്പെടെയുള്ള കമ്യൂണിസ്റ്റുകാരിൽ പലരും പള്ളിയിലും അമ്പലങ്ങളിലും ചർച്ചുകളിലും പോകുന്നില്ലെങ്കിലും വിശ്വാസ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിന് എക്കാലവും പ്രതിജ്ഞാബദ്ധരായിരിക്കും. വലിയ കമ്യൂണിസ്റ്റ് പാർട്ടികളുള്ള രാജ്യങ്ങളിലെല്ലാം മത സമൂഹങ്ങളുമുണ്ട്. മതത്തിനെതിരായിരുന്നുവെങ്കിൽ കേരളത്തിൽ കമ്യൂണിസ്റ്റ് ഭരണം നിലവിൽ വരില്ലായിരുന്നു. നിരീശ്വരവാദത്തിന്റെ പ്രചാരണം ഞങ്ങളുടെ അജണ്ടയല്ല. അതൊരു തത്ത്വചിന്തയാണ്. നിരീശ്വരവാദിയാകാൻ ഒരുപാട് ദൂരം സഞ്ചരിക്കണം. മതങ്ങളെക്കുറിച്ച് പഠിച്ച ഒരാൾക്ക് മാത്രമേ നിരീശ്വരവാദിയാകാനാവൂ...."*

*സി.പി.ഐ പരപ്പനങ്ങാടിയിൽ സംഘടിപ്പിച്ച കെ. കോയ കുഞ്ഞി നഹ ജന്മശദാബ്ദി ആഘോഷങ്ങളിൽ മുഖ്യ പ്രഭാഷണം നടത്തിയ സി.പി.ഐ അഖിലേന്ത്യാ ജനറൽ സെക്രട്ടറി എ.ബി ബർദൻ നടത്തിയ ചില പരാമർശങ്ങളാണ് മുകളിലുദ്ധരിച്ചത് (മാധ്യമം 2009 ഒക്ടോബർ 12 മലപ്പുറം).*

*തെറ്റുപറ്റിയത് വിശ്വാസികൾക്കോ അതോ കമ്യൂണിസ്റ്റുകാരനോ?*

***നസ്വീർ പള്ളിക്കൽ***

**വൈ**രുധ്യാധിഷ്ഠിത ഭൗതികവാദത്തിലധിഷ്ഠിതമായ കമ്യൂണിസം, മതം സാഹചര്യങ്ങളുടെ സൃഷ്ടിയാണെന്നും ആ സാഹചര്യങ്ങൾ ഇല്ലാതാകുന്നതിലൂടെ മതം സ്വയം ഇല്ലാതാവുമെന്നും സിദ്ധാന്തിക്കുന്നു. ഇത് വിശ്വാസ പ്രമാണമായംഗീകരിക്കുന്ന ഒരാൾക്കും മതത്തെ ആദർശപരമായി ഉൾക്കൊള്ളാനാവില്ല. മുസഫർ അഹ്മദ്, സജ്ജാദ് സഹീർ മുതൽ കെ.ഇ ഇസ്മാഈൽ, പാലോളി മുഹമ്മദ് കുട്ടി വരെ മുസ്‌ലിം പേരുള്ള കമ്യൂണിസ്റ്റുകളാരും വിശ്വാസികളല്ലാതിരുന്നത് വെറുതയെല്ലതാനും. എന്നാൽ പാർലമെന്ററി ജനാധിപത്യത്തെ വിപ്ലവ മാർഗമായി അംഗീകരിച്ച ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടികൾക്ക് മഹാ ഭൂരിപക്ഷവും വിശ്വാസികളായ ഒരു സമൂഹത്തിൽ മതത്തെ തള്ളിപ്പറഞ്ഞ് ലക്ഷ്യം നേടുക സാധ്യമല്ല. അതിനാൽ പ്രയോഗതലത്തിൽ സി.പി.ഐ, സി.പി.ഐ(എം) പാർട്ടികൾ മതത്തിനുനേരെ മൃദുല സമീപനം സ്വീകരിക്കുന്നു; ഒപ്പം കേഡർ മെമ്പർമാരെ നിർമതവത്കരിക്കാൻ നടപടികളുമെടുക്കുന്നു. അതേസമയം, യുക്തിവാദികളുടെ നിരീശ്വരത്വ പ്രചാരണത്തിൽ കമ്യൂണിസ്റ്റ് പാർട്ടികൾ പങ്കാളികളല്ല.

## അപവാദ പ്രചാരണത്തെ നേരിടാൻ അപവാദം?

■ *മകൻ വിവാഹം ചെയ്ത യുവതിക്ക് വിവാഹ ജീവിതത്തിന് മുമ്പ് പരപുരുഷ ബന്ധമുണ്ടായിട്ടുണ്ട് എന്ന് സ്ത്രീയുടെ അടുത്ത ബന്ധുക്കളിൽനിന്നു തന്നെ മകനും കുടുംബാംഗങ്ങളായ ഞങ്ങളും കേട്ട് മനസ്സിലാക്കിയിരുന്നു. അതിന്റെയടിസ്ഥാനത്തിൽ വിവാഹം കഴിഞ്ഞ് രണ്ടു മാസത്തിനുള്ളിൽ മകനും ഭാര്യയും തമ്മിൽ അകന്നു. ഈ അകൽച നാലു തവണയെങ്കിലും കുടുംബാംഗങ്ങൾ തമ്മിൽ പറഞ്ഞുതീർക്കാൻ ശ്രമിച്ചു. മകന്റെ മനസ്സിനെ തൃപ്തിപ്പെടുത്താനാവാത്തതിനാൽ ഈ കാര്യത്തിൽ ഇടപെട്ട മധ്യസ്ഥന്മാരെ യാഥാർഥ്യം ബോധ്യപ്പെടുത്തി. പ്രശ്നം സംസാരിച്ച് തീർക്കാൻ വീണ്ടും ശ്രമമുണ്ടായെങ്കിലും, മേൽപറഞ്ഞ യുവതിയുമാ*

*യുള്ള വിവാഹബന്ധം തുടരാൻ സാധ്യമല്ലെന്ന് മകൻ അറിയിച്ചതിനാൽ പ്രശ്ന ത്തിൽ ഇടപെട്ട മധ്യസ്ഥന്മാർ മുഖേന രണ്ടു മാസത്തെ വിവാഹ ജീവിതം ത്വലാഖ് ചൊല്ലി പിരിക്കേണ്ടിവന്നു.*

*വിവാഹമുക്തയായെങ്കിലും യുവതിയുടെ ഭാവിക്ക് കോട്ടംതട്ടാതിരിക്കാനും വിവാഹ ജീവിതത്തിന് മുമ്പ് ഉണ്ടായി എന്ന് പറയപ്പെടുന്ന പരപുരുഷ ബന്ധം മറച്ചുപിടി ക്കാനും മധ്യസ്ഥന്മാരിൽ ചിലർ, ചില തൽപരകക്ഷികളുടെ ഇംഗിതപ്രകാരം ഭർതൃ പിതാവായ എന്റെ മേൽ അസാന്മാർഗികത പറഞ്ഞ് പരത്തുന്നു.*

*അതിനാൽ ഞങ്ങളുടെയെന്നല്ല, വിശ്വാസി സമൂഹത്തിന്റെ കൂടി അഭിമാനം വീണ്ടെ ടുക്കാനും, സുമനസ്സുള്ളവർക്ക് സത്യം ബോധ്യപ്പെടുത്താനും, കിട്ടാവുന്ന സാഹചര്യം ഉപയോഗിച്ച് മേൽപറഞ്ഞ യുവതിയുടെ വിവാഹജീവിതത്തിനു മുമ്പ് പരപുരുഷ ബന്ധമുണ്ടായതുകൊണ്ടാണ് എന്റെ മകൻ യുവതിയെ ത്വലാഖ് ചൊല്ലിയത് എന്ന് പരസ്യമായി പറയുന്നതിനും, കഴിയാവുന്ന നടപടികൾ യുവതിയുടെയും ബന്ധ പ്പെട്ട കുപ്രചാരണക്കാരുടെയും മേൽ സ്വീകരിക്കുന്നതിനും ഞാൻ തുനിഞ്ഞാൽ അത് കുറ്റകരമാവുമോ? (സംഗ്രഹം)*

***സുലൈമാൻ മഞ്ചേരി***

**ചോ**ദ്യത്തിൽനിന്ന് വ്യക്തമാവുന്നതു പ്രകാരം, ചോദ്യകർത്താവോ മകനോ വിവാഹത്തിന് മുമ്പ് മതിയായ അന്വേഷണം നടത്തിയിട്ടില്ല. വിവാഹ ശേഷം ആരോ പറഞ്ഞുകേട്ട് മകൻ ഭാര്യയെ സംശയിക്കുകയായിരുന്നു. പറഞ്ഞുകേട്ടത് ശരിയോ തെറ്റോ ആവാം. രണ്ടായാലും ഒരു ന്യായീകരണവും തുടർ നടപടിക്കില്ല. ശരീഅ ത്തിന്റെ കർക്കശ വ്യവസ്ഥയാണ്, നാല് ദൃക്സാക്ഷികൾ മുഖേന തെളിയിക്കപ്പെടാ ത്തേടത്തോളം വിശ്വാസിനിയായ ഒരു സ്ത്രീയുടെ പേരിൽ വ്യഭിചാരാരോപണം ഉന്ന യിക്കരുതെന്നത് (*അന്നൂർ* 4,5). വിവാഹപൂർവ ബന്ധങ്ങൾക്കും ഇത് ബാധകമാണ്. സൂക്ഷ്മാന്വേഷണം നടത്താതെ ബന്ധങ്ങളിൽ ചെന്നുചാടാൻ ശരീഅത്ത് നിർബ ന്ധിക്കുന്നില്ല. ബന്ധം നിലവിൽ വന്ന ശേഷമാകട്ടെ ചൂഴ്ന്നുള്ള അന്വേഷണവും തെറ്റാണ്. വിലക്കപ്പെട്ട ചാരവൃത്തിയിലാണത് പെടുക. ഇനി ദുർബല നിമിഷത്തിൽ സ്ത്രീ വഴിതെറ്റുകയോ വഞ്ചിക്കപ്പെടുകയോ ചെയ്തിരിക്കാമെന്ന് തന്നെ കരുതി യാലും പശ്ചാത്താപം മഹാ പാപത്തെ പോലും പൊറുപ്പിക്കും. പശ്ചാത്തപിച്ചവൻ തെറ്റ് ചെയ്യാത്തവനെപ്പോലെ എന്നാണ് വിധി. മുൻ തെറ്റുകൾ മുഴുവൻ പടച്ചവന്റെ മുമ്പിലല്ലാതെ മറ്റൊരാളുടെ മുന്നിലും ഏറ്റുപറയാൻ ഒരാളും ബാധ്യസ്ഥനല്ല. വിവാ ഹിതയാവുന്ന സ്ത്രീ തന്റെ പൂർവജീവിതം പങ്കിലമായിരുന്നെങ്കിൽതന്നെ അത് പാടെ ഉപേക്ഷിച്ച് നന്നായി ജീവിക്കാൻ തീരുമാനിച്ചാൽ മുൻകാല ചെയ്തികളുടെ പേരിൽ അവൾ വേട്ടയാടപ്പെട്ടുകൂടാ.

ഏതായാലും ബന്ധം വേർപ്പെട്ടുപോയ സ്ഥിതിക്ക് ഇരുപക്ഷവും പ്രതികാര ബുദ്ധിയോടെ പെരുമാറുന്നതിനും ന്യായീകരണമില്ല. ഭാര്യാ വീട്ടുകാർ പെൺകുട്ടി വിവാഹമോചനം ചെയ്യപ്പെട്ടതിന്റെ വേദനയിലാണെങ്കിൽ പോലും ഭർതൃപിതാവിനെ അപകീർത്തിപ്പെടുത്തുന്നത് ധാർമികമല്ല. മുൻ ഭർത്താവും ഭാര്യയും കഴിഞ്ഞതെല്ലാം മറന്ന് പുതിയ ബന്ധങ്ങൾ അന്വേഷിക്കുന്നതാണ് ശരി. പരസ്പരം അപവാദപ്രചാ രണം തുടരുന്നത് തീർത്തും കുറ്റകരമാണ്. അപവാദ പ്രചാരണത്തോട് തുല്യനാണ യത്തിൽ പ്രതികരിക്കാൻ ഇസ്‌ലാം അനുവദിച്ചിട്ടില്ല. തിന്മയെ നന്മ കൊണ്ടാണ് നേരി ടേണ്ടത്, തിന്മ കൊണ്ടല്ല. അപകീർത്തി വസ്തുതാപരമായി തെളിയിക്കാനാവുമെ ങ്കിൽ കോടതിയെ സമീപിക്കാം. ഇന്നത്തെ സാഹചര്യത്തിൽ പക്ഷേ അതുപോലും സ്ഥിതി പൂർവാധികം വഷളാക്കുകയേ ചെയ്യൂ. പ്രാർഥനക്കും ക്ഷമക്കും സംയമന ത്തിനും വിട്ടുവീഴ്ചക്കും പകരമായി മറ്റൊന്നുമില്ലെന്നോർക്കുക. ■